53 (1017) താൽക്കാലിക മസ്ദൂർ വാച്ചർമാർക്ക് പുനർനിയമനം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ വകുപ്പിൽ പിരിച്ചുവിടപ്പെട്ട താല്ക്കാലിക മസ്ദൂർ വാച്ചർമാരെ നിയമിച്ചതിനുശേഷം മാത്രമേ പുതിയ ഒഴിവുകളിൽ പുതിയ നിയമനം നടത്താവൂ എന്ന് കോടതി നിർദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതിന് വിരുദ്ധമായി ആരെയെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാമെന്നും ഇതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) പത്തനംതിട്ട ഫോറസ്റ്റ് റെയിഞ്ചിന്റെ പരിധിയിൽ താല്ക്കാലികമായി ജോലി നോക്കിയിരുന്നവരിൽ എത്ര പേർക്ക് ഇനിയും നിയമനം നൽകുന്നുണ്ടെന്നും ഇവർക്ക് പുനർനിയമനം നൽകാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതി നിർദ്ദേശത്തിന് വിരുദ്ധമായി ആരെയും നിയമിച്ചിട്ടില്ല.

(സി) 1998-99 വർഷത്തെ അടങ്കൽ പ്രകാരം 107 പേരെ താൽക്കാലിക മസ്ദൂർ വാച്ചർമാരായി നിയമിച്ചിരുന്നു. ഇതിൽ 7 വാച്ചർമാരുടെ സേവനം ഒഴിച്ച് ബാക്കി 100 പേരുടെ ജോലികൾ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അടങ്കൽ തീർന്ന മുറയ്ക്ക് 99 മാർച്ച് മാസംകൊണ്ട് അവസാനിച്ചു. ഈ സാമ്പത്തിക വർഷം (1999-2000) പുതിയ ജോലികളുടെ അടങ്കൽ പ്രകാരം പുതിയ ഒഴിവുകളിൽ നിലവിലുള്ള താൽക്കാലിക വാച്ചർമാരുടെ സന്നദ്ധത കൂടി കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ നിയമനം നൽകുന്നതാണ്.

54 (1018) വനസർവേ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനസർവേക്കുവേണ്ടി ഓരോ കൊല്ലവും വാങ്ങിയ ഉപകരണങ്ങളുടെ പേരും വിലയുമടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) വനഭൂമി സർവേയുടെ പേരിൽ വനം വകുപ്പുദ്യോഗസ്ഥർ തുക എഴുതിയെടുക്കുന്നതായും അഴിമതി നടത്തുന്നതായും സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ വനസർവേക്കുവേണ്ടി വനംവകുപ്പ് നേരിട്ട് ഉപകരണങ്ങൾ വാങ്ങാറില്ല. എന്നാൽ സർവേ വകുപ്പു ഉപകരണങ്ങൾ വാങ്ങി ഫോറസ്റ്റ് മിനി സർവേ വിഭാഗത്തിന് നൽകാറുണ്ട്.

(ബി) അത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly